Talented Bankers Literary Panel
പുസ്തക പരിചയം 170.

യുവകവിക്കുള്ള കത്തുകൾ
റെയ്നർ മാരിയ റിൽകെ

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എടമുട്ടംശാഖ.

ഫ്രാൻസ് കാപ്പൂസ് എന്ന യുവാവ് തന്റെ കവിതകളെക്കുറിച്ച് അഭിപ്രായം ആരാഞ്ഞു കൊണ്ട് റെയ്നർ മാരിയ റിൽകെ എന്ന പ്രശസ്തനായ ജർമൻ കവിക്ക് 1903ൽ അയച്ച കത്ത് സാഹിത്യചരിത്രത്തിലെ ഒരു അധ്യായത്തിനാണ് തുടക്കം കുറിച്ചത്. റിൽക്കേ, കാപ്പൂസിന് അയച്ച 10 മറുപടി കത്തുകളിൽ സാഹിത്യ സൃഷ്ടിയെ കുറിച്ച് ഒരു ദർശനം തന്നെ തെളിയുന്നു. എഴുത്ത് എന്ന പ്രക്രിയയെക്കുറിച്ചും എഴുത്തുകാരന്റെ ചിത്തവൃത്തികളെ കുറിച്ചും ജീവിതത്തോട് അവ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചും അതിലളിതവും അതിമനോഹരവുമായ വരികളിൽ റിൽകെ എഴുതി.

ഈ കത്തുകൾ എഴുത്തുകാരുടെ ബൈബിൾ എന്നറിയപ്പെടുന്നു. റിൽക്കെയുടെ മരണശേഷം Letters to a young poet എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട ഇവ, "യുവ കവിക്കുള്ള കത്തുകൾ" എന്ന പേരിൽ പ്രശസ്ത എഴുത്തുകാരൻ ഇ സന്തോഷ് കുമാർ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിരിക്കുകയാണ്. എഴുതി തുടങ്ങുന്നവരെയും എഴുത്തുകാരെയും ഒരുപോലെ ഒരു നൂറ്റാണ്ടിലേറെയായി പ്രചോദിപ്പിച്ചു കൊണ്ടിരിക്കുന്നു ഈ കൃതി നല്ലൊരു മുതൽക്കൂട്ടാണ്.

എഴുത്തുകാർക്ക് മാത്രമല്ല സാധാരണ ഏവർക്കും നല്ലൊരു പ്രചോദനമാണ് ഈ പുസ്തകം. എഴുതാൻ മാത്രമല്ല എങ്ങനെ നന്നായി ജീവിക്കണമെന്നും ജീവിതത്തെ എങ്ങനെ സന്തോഷത്തോടെ നേരിടുമെന്നും ഈ പുസ്തകം നമുക്ക് കാണിച്ചു തരുന്നു. ഒരൊറ്റ വരി പോലും വിട്ടു കളയാനില്ല. അത്രയ്ക്കും ഉന്മേഷം തരുന്ന വാക്കുകളാണ് കത്തുകളിൽ.

ജീവിതം ദുഃഖം സൃഷ്ടി ഏകാന്തത എന്ന് വേണ്ട, എല്ലാത്തിനും കവിക്ക് കാഴ്ചപ്പാടുകളും ഉത്തരവും ഉണ്ട്....

ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കാനും അനുഭവിക്കാനും ഒരു കവി ശ്രമിക്കുമ്പോൾ അദ്ദേഹത്തിനുണ്ടാകേണ്ട ചിന്തയും സ്നേഹവും സത്യാന്വേഷണവും എങ്ങനെ വേണമെന്ന് അദ്ദേഹം നൽകുന്നു.

കവിത നന്നായോ ഇനി എഴുതണമോ എന്ന ചോദ്യത്തിന് കവി പറയുന്ന ഉത്തരം കേൾക്കൂ - "ഒരാൾക്ക് പോലും നിങ്ങളെ ഉപദേശിക്കാനോ സഹായിക്കാനോ കഴിയില്ല. സ്വയം ഇറങ്ങിച്ചെല്ലുക. ഹൃദയത്തിൽ സ്വയം കുഴിച്ചു നോക്കുക. ആ ഉത്തരത്തിന്റെ മുഴക്കം "അതേ"എന്നാണെങ്കിൽ നിങ്ങളുടെ ജീവിതം എഴുതാനായി ഒരുക്കുക. ഒരാൾക്ക് എഴുതാതെ തന്നെ ജീവിക്കാനാകും എന്നുണ്ടെങ്കിൽ അയാൾ പിന്നെ എഴുതേണ്ടതില്ല. സ്വയം പൂർണതയിലേക്ക് വളരുക. നിശബ്ദവും ആത്മാർത്ഥവുമായി".

പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളെല്ലാം അടച്ചിട്ട മുറികളും അന്യ ഭാഷയിൽ എഴുതപ്പെട്ട എന്തെങ്കിലും ആണെന്ന വിധം സ്നേഹിക്കാൻ സ്വീകരിക്കുക.

മടുപ്പിക്കുന്ന ജോലിയെ കുറിച്ച് പറയുമ്പോൾ ഏതാണ്ട് എല്ലാ ജോലികളും ഇങ്ങനെ തന്നെയാണെന്നും വേറെ ഏതു തൊഴിൽ ആണെങ്കിലും ഇപ്പോൾ അനുഭവിക്കുന്ന തരത്തിലുള്ള ഞെരുക്കങ്ങൾ ആ സമയത്തും അനുഭവിക്കേണ്ടി വരുമെന്നും അദ്ദേഹം പറയുന്നു.

ലോകത്ത് എല്ലാത്തിനും മാറ്റം ഉണ്ടെന്നും ആ മാറ്റം നമ്മുടെ രക്തത്തിൽ അലിയുമ്പോഴാണ് നമുക്ക് മറവി ഉണ്ടാകുന്നതും ദുഃഖം മാറുന്നതെന്നും അയാൾ പറയുന്നു.

ലോകോത്തര ചിത്രകാരന്മാർ വരച്ച പത്തിലധികം ചിത്രങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ആണ് പ്രസാധകർ - വില 125 രൂപ

-------------------------------------------------------------------

"നിങ്ങൾ ശബ്ദങ്ങൾ ഒന്നും കടന്നുവരാത്ത ഒരു തടവറയിൽ ആണെങ്കിൽ പോലും, വിലമതിക്കാനാവാത്ത രത്നം പോലെ, ഓർമ്മകളുടെ നിധിപ്പുരയായി ഒരു ബാല്യകാലമുണ്ടല്ലോ ?
ശ്രദ്ധയൊക്കെയും അങ്ങോട്ട് തിരിക്കൂ. അപാരമായ ഈ ഭൂതകാലത്തിന്റെ നിമഗ്നവികാരങ്ങളെ ഉയർത്തിക്കൊണ്ടു വരൂ. നിങ്ങളുടെ വ്യക്തിത്വം ഊർജ്ജസ്വലമാവുന്നതു കാണാം. അന്യരുടെ ശബ്ദങ്ങളെല്ലാം വിദൂരമായിത്തീരുകയും അതിന്റെ സാന്ധ്യശോഭയിൽ സ്വയം മുഴുകുവാൻ സാധിക്കുകയും ചെയ്യുന്ന ഒരിടമായി നിങ്ങളുടെ ഏകാന്തത വികസിതമാകും.
ഈ ഉൾനോട്ടത്തിൽ നിന്ന്, ആത്മാവിലെ ഈ ആഴത്തിൽ നിന്ന് നിങ്ങളുടെ മാത്രം ലോകത്തിൽ നിന്നുള്ള കവിതകൾ വരും"

"നിങ്ങളെ സാന്ത്വനിപ്പിക്കുന്ന വ്യക്തി നിങ്ങളഭിലഷിക്കുന്ന വിധത്തിൽ സരളവും ശാന്തവുമായ വാക്കുകൾക്കിടയിലിരുന്ന് ബുദ്ധിമുട്ടുകളേതുമില്ലാതെ ജീവിക്കുകയാണെന്ന് കരുതരുത്. അയാളുടെ

ജീവിതത്തിനും അതിന്റെതായ ദുഃഖങ്ങളും ദുരിതങ്ങളുമുണ്ട്. ആ ജീവിതം നിങ്ങളുടേതിൽ നിന്നും എത്രയോ പുറകിലാണ്. അങ്ങനെയല്ലായിരുന്നുവെങ്കിൽ, നിങ്ങളെ ആശ്വസിപ്പിക്കാനുള്ള വാക്കുകൾ അയാൾക്ക് കണ്ടെത്താനാവുമായിരുന്നില്ല'